CHASS

# ഒരുമ

ചാസ് ബുള്ളറ്റിൻ

ലക്കം : 49 വാല്യം : 20 ഒക്ടോബർ 2018



**പ്രളയാനന്തരം**
പ്രതിഫലിച്ചത്...

**നിസ്സഹായരായ കുട്ടനാടൻ**
കർഷകരുടെ അഭ്യർത്ഥന

**കുട്ടനാടിന്റെ**
പുനർനിർമ്മാണം



Fr. Jose Kunnampuzha, former Principal, Amal Jyothi Engineering College, hands over solar lantern on behalf of Science and Technology Park, Pune.



Kerala Social Service Forum team visit, Kuttanad.



UNICEF-Training on WaSH.

# വെള്ളപ്പൊക്ക ദുരിതാശ്വാസ സഹായവുമായി എത്തിയ സുമനസുകൾ

























CHASS



CARITAS INDIA-CHASS
FLOOD RELIEF-2018


CHASS

## രക്ഷാപ്രവർത്തനം






ദുരിത മേഖലകളിൽ

കനിവിന്റെ കൈത്താങ്ങായി ചാസ്




## മെഡിക്കൽ ക്യാമ്പ്






# വെള്ളപ്പൊക്കത്തിൽ തകർന്ന വീടുകളിൽ ചിലത്...












# വെള്ളപ്പൊക്ക സഹായവിതരണം












# വെള്ളപ്പൊക്ക സഹായവിതരണം



















# വെള്ളപ്പൊക്ക സഹായവിതരണം



















## സോളാർ ലാമ്പ് വിതരണം











## ശുചീകരണ പ്രവർത്തനങ്ങൾ








ചെത്തിപ്പുഴ ആശുപത്രിയുമായി സഹകരിച്ച് ഇടവകകളിൽ ക്രമീകരിച്ച മെഡിക്കൽ ക്യാമ്പ് അഭിവന്ദ്യ പിതാവ് ഫ്ളാഗ് ഓഫ് ചെയ്യുന്നു.



പ്ലാസ്റ്റിക് ശേഖരണ യജ്ഞം അഭിവന്ദ്യ തോമസ് തറയിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



സോളാർ വിളക്കുകളുടെ വിതരണോത്ഘാടനം അഭിവന്ദ്യ പിതാവ് നിർവഹിക്കുന്നു.

ലക്കം 49
വാല്യം 20
ഒക്ടോബർ 2018
പേജ് : 40

# ഒരുമ
## ചാസ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മുഖപത്രം

രക്ഷാധികാരി
**മാർ ജോസഫ് പെരുന്തോട്ടം**

മാനേജിംഗ് എഡിറ്റേഴ്സ്
**ഫാ. ജോസഫ് കളരിക്കൽ**
**ഫാ. ജോർജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**

ചീഫ് എഡിറ്റർ
**ശ്രീ. ജോസ് പുതുപ്പള്ളി**

എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്
**ശ്രീ. ജോസ് സെബാസ്റ്റ്യൻ**
**ശ്രീ. ബിനു ജോസഫ്**
**ശ്രീമതി ബിന്ദു തോമസ്**
**ശ്രീമതി ബിന്ദു സിബി**

## ഉള്ളടക്കം


- മുഖമൊഴി
- പ്രളയാനന്തരം പ്രതിഫലിച്ചത്...
- നിസ്സഹായരായ കുട്ടനാടൻ കർഷകരുടെ അഭ്യർത്ഥന
- കുട്ടനാടിന്റെ പുനർനിർമ്മാണം
- മൈക്രോഫിനാൻസ്
- തണൽ
- കേന്ദ്രവാർത്തകൾ
- മേഖലാവാർത്തകൾ
- പരിശീലന പരിപാടികൾ
- RRTC
- ആരോഗ്യം
- അറിയിപ്പുകൾ


*Design, Layout & Printing @*
St. Joseph's Orphanage Press, Chry. 0481 2411821

# മുഖമൊഴി

**പ്രിയ സുഹൃത്തുക്കളെ,**

അഭിവന്ദ്യ പിതാവ് പ്രഖ്യാപിച്ച പ്രളയാനന്തര പുന:രധിവാസ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ ചങ്ങനാശ്ശേരി അതിരൂപതയുടെ സാമൂഹിക ശുശ്രൂഷാ സംവിധാനം കടപ്പെട്ടിരിക്കുന്നു. യാഥാർത്ഥ്യ ബോധത്തോടെ പദ്ധതി നിർവഹണത്തിൽ സഹകരിക്കാൻ ചങ്ങനാശ്ശേരി അതിരൂപതയിലെ ഇടവകകളും, സന്യാസ സമൂഹങ്ങളും, പ്രസ്ഥാനങ്ങളും, സ്ഥാപനങ്ങളും, വ്യക്തികളും സന്നദ്ധരായി മുമ്പോട്ടു വരുന്നതിൽ ഏറെ സന്തോഷമുണ്ട്.

പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന കുട്ടനാട്ടിൽ നാളിതുവരെ ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ 23 കോടി രൂപയ്ക്ക് തത്തുല്യമായ ദുരിതാശ്വാസ സഹായങ്ങളായി, ഭക്ഷണം, വസ്ത്രം, വീട്ടുപകരണങ്ങൾ കുടിവെള്ളസംവിധാനം, മരുന്ന് തുടങ്ങിയവ നല്കാൻ സാധിച്ചു. മറ്റ് രൂപതകൾ, അതിരൂപതയുടെ കീഴിലും പുറത്തുമുള്ള ഇടവകകൾ, പ്രസ്ഥാനങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയും വിവിധ സന്യാസസമൂഹങ്ങളുടെയും വ്യക്തികളുടെയും നിസ്വാർത്ഥമായ പങ്കാളിത്തത്തോടെയുമാണ് ഇത് സാധ്യമായത്. തുടർന്ന് ആവിഷ്ക്കരിക്കുന്ന പ്രളയാനന്തര പുന:രധിവാസ പദ്ധതികളും ഇതേ മാതൃകയിൽ അടുത്ത മൂന്നുവർഷംകൊണ്ട് നടപ്പാക്കാൻ ലക്ഷ്യം വയ്ക്കുന്നു.

അതേസമയം സർക്കാരിന്റെ പുന:രധിവാസ പദ്ധതികളോട് പൂർണ്ണമായി സഹകരിച്ചും കണ്ണിചേർന്നും മാത്രമേ മുമ്പോട്ടുപോകാനാവൂ. ഒപ്പം ദേശീയ അന്തർദേശീയ ഏജൻസികളുടെ സഹായവും പ്രതീക്ഷിക്കുന്നു. വളരെ പ്രധാനമായി ഇടവകകൾ തമ്മിലുള്ള twinning പ്രോഗ്രാം പുന:രധിവാസ പദ്ധതിക്ക് ഏറെ പിന്തുണയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇടവകകൾ ഹെൽപ്പ് ഡസ്ക്ക് സംവിധാനം സജീവമാക്കി, സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കളാകാൻ ജാതിമതഭേദമന്യേ ആളുകളെ സഹായിക്കേണ്ടത് അനിവാര്യമാണ്.

വീട് നിർമ്മാണം, വീടുകളുടെ അറ്റകുറ്റപണികൾ, ശൗചാലയ

നിർമ്മാണം, മഴവെള്ളസംഭരണികൾ എന്നിവയ്ക്ക് മുൻഗണനന ൽകുന്ന നിർമ്മാണ പ്രവർത്തനങ്ങളും കൃഷി പ്രോത്സാഹനം, മാലിന്യസംസ്ക്കരണം, പ്രകൃതി സംരക്ഷണം എന്നിവ സാധ്യമാക്കുന്ന പദ്ധതികളുമാണ് അതിരൂപതയുടെ പുന:രധിവാസ പദ്ധതിയിൽ ഉൾച്ചേർത്തിരിക്കുന്നത്.

പദ്ധതി നിർവഹണത്തിന് എല്ലാ ഇടവകയിലും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ മേൽനോട്ടത്തിൽ സോഷ്യൽ സർവ്വീസ് യൂണിറ്റിന്റെ ഉത്തരവാദിത്വത്തിൽ നാനാതുറകളിലുള്ള ആളുകളെ ഉൾപ്പെടുത്തി ജനകീയസമിതികൾ ഉണ്ടാവണം. വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനും ആവശ്യമായ ധാർമ്മിക-സാങ്കേതിക പിന്തുണ നൽകി പദ്ധതികൾ കൃത്യമായി നടപ്പാക്കാനും ഈ സമിതികൾക്ക് സാധിക്കണം. നാനാജതി മതസ്ഥരായ, സഹായം അർഹിക്കുന്നവർ പദ്ധതിയുടെ ഗുണഭോക്താക്കളാകണം സന്യാസസമൂഹങ്ങളുടെയും, മറ്റു സ്വതന്ത്ര ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഇടവക തലത്തിൽ ഏകോപിപ്പിക്കുന്നതിന് ഈ സമിതി സഹായിക്കണം. ഒപ്പം പ്രവർത്തന പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ചാസ് മുഖാന്തിരം, അതിരൂപതാ കേന്ദ്രത്തിൽ യഥാസമയം എത്തിക്കുകയും വേണം.

പദ്ധതി നിർവഹണത്തിന് ആവശ്യമായ വിഭവ സമാഹരണം നടത്തേണ്ടിയിരിക്കുന്നു. ഏവരുടെയും സഹകരണം ഉണ്ടാകണമെന്ന്, അഭിവന്ദ്യ പിതാവിന്റെ നാമത്തിൽ വിനീതമായി അഭ്യർത്ഥിക്കുന്നു.

പുനരധിവാസ പദ്ധതിയുടെ ആദ്യപടിയായി-കുട്ടനാട്ടിൽ ഒരു ഹെക്ടറിൽ താഴെ കൃഷി (സ്വന്തമായോ പാട്ടത്തിനോ) 5000 ചെറുകിട കർഷകർക്ക് പുഞ്ചകൃഷിക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷകരെ കണ്ടെത്തി നിശ്ചിത ഫോറത്തിൽ പേര് വിവരം ഒക്ടോബർ 31 നകം ചാസ് കേന്ദ്ര ഓഫീസിൽ എത്തിക്കണം. അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദ്ണ്ഡങ്ങൾ ഉടനെ അറിയിക്കുന്നതാണ്.

300 വീടുകളുടെ അറ്റകുറ്റപണികൾ, ഇടവകകൾ, വിവിധ സന്യാസ സമൂഹങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ഉടൻ ആരംഭിക്കുന്നതാണ്. സർക്കാരിൽനിന്നും ലഭ്യമാകുന്ന സാമ്പത്തിക സഹായം നഷ്ടമാകാത്ത രീതിയിൽ ഈ സഹായം ഉപയോഗിക്കപ്പെടണം. പൂർണ്ണമായും നശിച്ച വീടുകളുടെ പുനർനിർമ്മാണം

സർക്കാർ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കിക്കൊണ്ടുമാത്രമേ നമുക്ക് നടപ്പാക്കാനാവൂ എന്നതുകൊണ്ട്, ഈ ഘട്ടത്തിൽ അവ പരിഗണിക്കാൻ കഴിയില്ല. എങ്കിലും സർക്കാർ സഹായത്തിന് അർഹതയില്ലാത്ത കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നല്കേണ്ടതുണ്ട്. ഈ ഘട്ടത്തിൽ ചാസിൽ നിന്നും നൽകിയ നാശനഷ്ടങ്ങളുടെ വിവരശേഖരണ ഫോറം പൂരിപ്പിച്ച് ഇതിനോടകം നൽകിയ ഇടവകകൾക്കായിരിക്കും പദ്ധതികളിൽ മുൻഗണന. പ്രസ്തുത ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഒക്ടോബർ 31 നു മുമ്പായി ലിസ്റ്റ് ചാസിൽ എത്തിക്കേണ്ടതാണ്. തുടർന്ന് ആവശ്യമായ അന്വേഷണങ്ങൾക്ക് ശേഷം അർഹരായവർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് പരിശ്രമിക്കുന്നതാണ്.

ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് 300 കുടുംബങ്ങൾക്ക്, ഭാഗീകമായ സഹായം നൽകാൻ ഉദ്ദേശിക്കുന്നു. മുകളിൽ പറഞ്ഞതുപോലെ അർഹരായവരെ കണ്ടെത്തി മുൻഗണമാക്രമത്തിൽ പേരുവിവരം ഒക്ടോബർ 31 ന് മുമ്പായി ചാസിൽ എത്തിക്കുക. ഒരോ ഇടവകയിൽ നിന്നും എത്ര അംഗങ്ങളെ ആദ്യഘട്ടത്തിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാൻ കഴിയുമെന്ന് അറിയിക്കുന്നതാണ് .

പ്രാദേശിക വഭവസമാഹരണത്തിലൂടെയും സ്പോൺസർ ചെയ്തിരിക്കുന്ന ഇടവകകളുടെ സഹായങ്ങളുപയോഗിച്ചും, പദ്ധതികൾ പൂർണ്ണ വിജയത്തിലെത്തിക്കുവാൻ ഇടവകകൾ സഹകരിക്കണം. ശ്രമദാനം നടത്തിയും പഴയ ഉരുപ്പടികളും നിർമ്മാണ സാമഗ്രഹികളും പുന:രുപയോഗിച്ചും, നിർമ്മാണ ചെലവു കുറയ്ക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൽ ചെയ്യാനും ഇടവകസമിതികൾ ശ്രദ്ധിക്കേണ്ടതാണ്.

ഭാവിയിൽ വിവിധ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും സഹായം ലഭ്യമാകുന്നതനുസരിച്ചും, വിവിധ സന്യാസസമൂഹങ്ങളുടെ സഹകരണത്തിലും കുട്ടനാടിനുവേണ്ടിയുള്ള പുന:രധിവാസ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് ദൈവകൃപയിൽ മാത്രം ആശ്രയിച്ചുകൊണ്ട് പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് കളരിക്കൽ**
*ഡയറക്ടർ*



# പ്രളയാനന്തരം പ്രതിഫലിച്ചത്...

**ടോംസ് ആന്റണി**
*പരിശീലകൻ, പ്രഭാഷകൻ*

മനുഷ്യൻ പ്രകൃതിയെ പ്രഹരിച്ചതിന്റെ പ്രതികരണവും, പ്രതിഫലനവുമാണ് പ്രളയം.

നിനച്ചിരിക്കാതെയായിരുന്നു മഹാപ്രളയം കേരളത്തെ വിഴുങ്ങിയത്. കേരള ജനത ഒന്നാകെ പ്രളയത്തിന്റെ വിപത്തുകൾ നേരിട്ടോ അല്ലാതെയോ അനുഭവിക്കുക തന്നെ ചെയ്തു. ഒരുപക്ഷെ കേരളം ഇനി അറിയപ്പെടുന്നത് മഹാപ്രളയത്തിനുമുമ്പുള്ളതെന്നും മഹാപ്രളയത്തിനുശേഷമുള്ളതെന്നും ആയിരിക്കാം. അത്രമാത്രം കേരളത്തിന്റെ ചരിത്രത്തിൽ മായാത്ത മുദ്ര പതിപ്പിച്ച ഒന്നായിരുന്നു, മഹാപ്രളയം. മഹാപ്രളയത്തിനു മുമ്പുള്ള കേരളം ചില രംഗങ്ങളിലൊക്കെ മോഡൽ ആയിരുന്നു. ആരോഗ്യ - വിദ്യാഭ്യാസ രംഗത്ത്, ജനന - മരണ നിരക്കിൽ, സാക്ഷരതാരംഗത്ത് തുടങ്ങി വിവിധ രംഗങ്ങളിലെ കേരള മോഡൽ ശ്രദ്ധിക്കപ്പെട്ടിരുന്നു. ഇനി കേരളം അറിയപ്പെടാൻ പോകുന്നത് അതിവേഗ അതിജീവനത്തിന്റെ ഒരു ലോകോത്തര മോഡൽ ആയിട്ടാവണം.

ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരുപാടിടങ്ങളിലാണ് പ്രളയക്കെടുതികൾ താണ്ഡവനൃത്തം ചവിട്ടിയത്. തങ്ങളെല്ലാം പൂർണ്ണമായും സുരക്ഷിതരാണെന്ന് അഹങ്കരിച്ചു കഴിഞ്ഞവർക്കൊക്കെ മഹാപ്രളയം നൽകിയ പാഠങ്ങൾ വലുതായിരുന്നു.

മിനിറ്റുകൾകൊണ്ടാണ് പലവീടുകളും തകർന്നടിഞ്ഞത്. വീടുമാത്രമല്ല, സ്ഥലങ്ങൾപോലും നാമാവശേഷമായി. വീട്ടുപകരണങ്ങൾ കേടുവന്ന് ലക്ഷങ്ങളുടെ നഷ്ടമുണ്ടായവർ അനവധി. മരണസംഖ്യ 500 ൽ താഴെ ചുരുക്കാനായത് ഭാഗ്യമെന്നേ പറയാനാവൂ. പ്രകൃതി സർവ്വ ശക്തിയുമുപയോഗിച്ച് മനുഷ്യനോട് മത്സരിച്ച

ദിനങ്ങൾ. മനുഷ്യൻ സർവ്വശക്തിയും ഉപയോഗിച്ച് പ്രകൃതി ദുരന്തത്തോട് മത്സരിച്ച അതിശയകരമായ പോരാട്ടം.

ഭീകരമായ പ്രളയദിനങ്ങൾ അവസാനിച്ചെങ്കിലും ദുരന്തദിനങ്ങളുടെ ആഘാതം തുടരുകയാണ്. ഒന്നോർക്കുക. ഗുജറാത്തിലും മറ്റു സംസ്ഥാനങ്ങളിലും പ്രകൃതി ദുരന്തങ്ങൾ വിതയ്ക്കപ്പെട്ടപ്പോൾ ഒരുപാട് അഭയാർത്ഥികൾ കേരളമുൾപ്പെടെ മറ്റു സംസ്ഥാനങ്ങളിലേക്ക് പാലായനം ചെയ്തു. മലയാളത്തിൽ സഹായാഭ്യർത്ഥന നടത്തുന്ന കാർഡുകളുമായി നമ്മുടെയൊക്കെ വീട്ടുമുറ്റങ്ങളിലെത്തി. എന്നാൽ കേരളത്തിൽ നിന്ന് ഒരാൾ പോലും മറ്റൊരിടത്തേക്ക് പാലായനം ചേയ്യേണ്ട ഗതികേട് നമുക്കുണ്ടായില്ല എന്ന് ആശ്വസിക്കാം.

പ്രകൃതി ദുരന്തങ്ങൾക്ക് മാനവചരിത്രത്തിൽ നിർണായക സ്വാധീനമാണുള്ളതെങ്കിലും ഈ ദുരന്തങ്ങളിൽ നിന്നും മനുഷ്യൻ ഒന്നും പഠിക്കുന്നില്ല എന്നതാണ് മറ്റൊരു ദുരന്തം.

നാമാരും തിരിച്ചറിഞ്ഞില്ല; കടലോരത്ത് മനുഷ്യരെപ്പിടിക്കുന്ന ഇത്രയേറെ സ്നേഹവലകൾ ഒളിഞ്ഞിരിപ്പുണ്ടായിരുന്നുവെന്ന് ! നാമാരും മനസ്സിലാക്കിയിരുന്നില്ല; ഫ്രീക്കന്മാരെന്നും, നിസംഗത മുറ്റിയവരെന്നും പറഞ്ഞ് അപഹസിച്ചു മാറ്റി നിർത്തിയിരുന്ന കേരളത്തിലെ യുവത്വത്തിൽ നിന്ന് മാനവീകത ഇത്രയേറെ അണപൊട്ടിയൊഴുകുമെന്ന്! അതെ!, ജാതിയക്കും, മതത്തിനും, കക്ഷിരാഷ്ട്രീയത്തിനുമപ്പുറമുള്ള മാനവീകതയുടെ നലം തികഞ്ഞ മാതൃകയാണ് കേരളം പ്രളയദിനങ്ങളിൽ കണ്ടത്. പക്ഷെ മാനവീകതയുടെ വശ്യമായ ആ കേളികൊട്ട് എത്രകാലം നിലനിന്നു?

പ്രളയത്തിൽ നിന്ന് നാം പഠിക്കേണ്ട പാഠങ്ങൾ അനവധിയാണ്. ആഴമായ ഈശ്വരവിശ്വാസത്തിലേക്കാവണം, അത് നമ്മെ കൊണ്ടുപോകേണ്ടത്. ഈശ്വരനെ വിസ്മരിച്ചും, മറുതലിച്ചും നാം കെട്ടിപ്പൊക്കിയതൊക്കെയും നഷ്ടങ്ങളുടെ മലവെള്ളപ്പാച്ചിലിൽ ഒഴുകിപ്പോയി. സുരക്ഷിതത്വം തരുമെന്ന് കരുതി, നാം കെട്ടിപ്പൊക്കിയ മതിലുകൾ ഒടുവിൽ രക്ഷാപ്രവർത്തനത്തിനു തന്നെ വിലങ്ങുതടിയായി. പണിതുകൂട്ടിയ നിലകൾ, ഉയർന്നു പൊങ്ങിയ വെള്ളക്കെട്ടുകളുടെ നടുവിൽ നിസ്സഹായതയുടെ തുരുത്തുകളായി. സൗഹൃദങ്ങളും, ബന്ധങ്ങളും, ഫെയ്സ്ബുക്കിലും വാട്സാപ്പിലും ആയതുകൊണ്ട് രക്ഷിക്കാൻ അയൽക്കാർക്ക് പരിചയമില്ലാതായി.

സർക്കാരും, സഭയും, സന്നദ്ധസംഘടനകളും ഇതര സന്നദ്ധ പ്രവർത്തകരും ഒന്നിച്ചപ്പോൾ മഹാദുരന്തത്തെ കുറെയൊക്കെ അതിജീവിക്കാൻ നമുക്ക് കഴിഞ്ഞു.

ഇനിവേണ്ടത് പുനരുദ്ധാരണമല്ല, പുനർനിർമ്മാണമാണ്. പഴയതുപോലെ ആക്കുകയല്ല മറിച്ച് ഒരു നവകേരളമാണ് സൃഷ്ടിക്കപ്പെടേണ്ടത്.

പുനർസൃഷ്ടിയോടൊപ്പം അടിയന്തിരമായി ചെയ്യേണ്ട ഒരു കാര്യമുണ്ട്. ഈ ദുരന്തത്തിലേക്ക് നയിക്കപ്പെട്ടതിന്റെ ശാസ്ത്രീയമായ അപഗ്രഥനവും, വിശകലനവും. ദുരന്തങ്ങളുടെ കാരണങ്ങൾ ശാസ്ത്രീയമായി കണ്ടെത്തുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പ്രതിരോധിക്കുന്നതിനും കഴിയണം. ഇത്തരമൊരു ആസൂത്രണവും, മുന്നൊരുക്കങ്ങളും ഇനിയുമുണ്ടായില്ലെങ്കിൽ നാം വലിയ വിലകൊടുക്കേണ്ടിവരും.

ഇന്ന് ലോകോത്തര സന്നദ്ധസംഘടനകളും ചെറുതും വലുതുമായ മറ്റു പ്രസ്ഥാനങ്ങളും കേരളത്തെസഹായിക്കാൻ തയ്യാറായി രംഗത്തുണ്ട്. വിവിധ മേഖലകളിലെ നഷ്ടങ്ങളുടെ വ്യക്തമായ കണക്കുകളുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി ചെയ്യേണ്ടവ, ഹൃസ്വകാലത്തിനുള്ളിൽ പൂർത്തിയാക്കേണ്ടവ, ദീർഘകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ടവ എന്നിങ്ങനെ വ്യക്തമായ കർമ്മപദ്ധതികൾ സമയബന്ധിതമായിത്തന്നെ ആസൂത്രണം ചെയ്തു നടപ്പാക്കണം.

മറ്റൊന്ന് ഓരോ ഗ്രാമങ്ങളിലും നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങളെ ഫലപ്രദമായി ഏകോപിപ്പിക്കുക എന്നതാണ്. ഉദാഹരണമായി ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിൽ സന്നദ്ധപ്രവർത്തനം ചെയ്യുന്നതിന് 3 സന്നദ്ധ സംഘടനകൾ ഉണ്ടെന്നിരിക്കട്ടെ. അവയോടൊപ്പം വിവിധ നൈപുണ്യങ്ങൾ ഉള്ള വിദഗ്ധരേയും, ഗവൺമെന്റ് സംവിധാനങ്ങളേയും കൂട്ടിയിണക്കി ആ നാടിന്റെ പൊതുപുനർസൃഷ്ടിയിൽ ഒന്നിച്ച് കൈകോർത്ത് പങ്കാളിയാക്കുക എന്നതാണ് പ്രധാനം. വ്യക്തമായ ലക്ഷ്യത്തോടെ വരുന്ന സന്നദ്ധ സംഘടനകളും, എന്തും ചെയ്യാൻ തയ്യാറുള്ള സംഘടനകളും ഉണ്ട്. ഇവയെ സർക്കാർ സംവിധാനങ്ങളുമായി കൂട്ടിയോജിപ്പിച്ച് ഒന്നിച്ചു നീങ്ങിയാൽ എളുപ്പം ലക്ഷ്യപ്രാപ്തിയിലെത്തും.



കൂടാതെ വിവിധ ബാങ്കുകളുടെയും വ്യവസായ - സംരംഭങ്ങളുടെയും CSR ഫണ്ട് നിർബന്ധമായും നവകേരള സൃഷ്ടിക്കായി മാറ്റിവയ്ക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അംഗീകാരം കിട്ടിയിട്ടുള്ള നിലവിലുള്ള പ്രോജക്ടുകൾ പുന:ക്രമീകരിക്കണം. പാർപ്പിടം, കൃഷി, റോഡ്, ഇതര അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് മുൻഗണന നല്കിയാവണം ഇത് പുന:ക്രമീകരിക്കേണ്ടത്.

അശാസ്ത്രീയമായ എല്ലാ വികസന പ്രവർത്തനങ്ങളും വേണ്ടന്നുവയ്ക്കണം. ആഗോളതാപനത്തിന് ഹേതുവാകുന്ന എല്ലാറ്റിൽ നിന്നും നാം ബോധപൂർവ്വം പിന്തിരിയണം. കാർബൺ വിസർജ്ജനതോത് പരമാവധി കുറയ്ക്കണം. കുട്ടനാട് പോലുള്ള പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതിക്കും, കാലാവസ്ഥയ്ക്കും ഉതകുന്ന രീതിയിലാകണം. തെളിച്ചു പറഞ്ഞാൽ കുട്ടനാടിനെ അതിന്റെ തനിമയോടെ നിലനിർത്തണം. ശാസ്ത്രീയമായ വിശകലനം നടത്തിവേണം ഓരോ നിർമ്മാണ പ്രവർത്തനങ്ങളും ഇനി നടത്താൻ. ജല സ്രോതസ്സുകൾ സംരക്ഷിക്കപ്പെടണം. പുതിയ ജല സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കണം. നിരൊഴുക്ക് തടസ്സപ്പെടുത്തുന്നതൊക്കെ ഒഴിവാക്കി ജലപ്രവാഹസാധ്യതകൾ മെച്ചപ്പെടുത്തണം.

മലയിടിക്കുന്നതും, കുന്നുകൾ നാമാവശേഷമാക്കുന്നതും, പാറമടകൾ വ്യാപിക്കുന്നതിനുമെതിരെ കർശന നിയമനിർമ്മാണം കൊണ്ടുവരണം, അഥവാ ഉള്ളനിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന്, ഉറപ്പുവരുത്തണം. നമുക്ക് വേണ്ടത് കെട്ടിടനിബിഢമായ കേരളമല്ല, ഹരിതാഭ വറ്റാതെ നിലനിൽക്കുന്ന നവകേരളമാണ്.

നവകേരള സൃഷ്ടി എന്നത് കേവലമൊരു പ്രൊജക്ട് ആകരുത്. മറിച്ച് ഒരു ജനതയുടെ സാമൂഹിക - സാംസ്ക്കാരിക - വിദ്യാഭ്യാസ - സാമ്പത്തിക ഉന്നതിയാവണം. ചുവപ്പുനാടയിൽ കുരുങ്ങാത്ത, രാഷ്ട്രീയ ഫണ്ട് നൽകേണ്ടതില്ലാത്ത, അഴിമതിക്ക് വശംവദരാകാത്ത ഒരു കൂട്ടം സാമൂഹിക പ്രതിബദ്ധതയുള്ള ആളുകൾ ഉൾക്കൊള്ളുന്ന ഒരു കേരള വികസന പോരാളി സംഘത്തെ രൂപപ്പെടുത്തുവാനുള്ള ആർജ്ജവം ഭരണ - പ്രതിപക്ഷങ്ങൾ നേടിയെടുക്കണം.

ആ നവകേരളത്തിൽ പ്രകൃതിയോട് മല്ലടിക്കാത്ത നല്ല മനസ്സുള്ള മലയാളിയും ഒപ്പം പുനർസൃഷ്ടിക്കപ്പെടണം.



# നിസ്സഹായരായ കുട്ടനാടൻ
## കർഷകരുടെ അഭ്യർത്ഥന

**ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**
*(ഫൊറോന വികാരി, ആലപ്പുഴ)*

കേരളസർക്കാർ കൃഷിക്കാർക്ക് അതിജീവനത്തിന് കൈത്താങ്ങാകണം. മഴക്കെടുതികൾക്കുശേഷം തിരിച്ചുവരവിനായുള്ള കഠിനപരിശ്രമങ്ങൾ സമസ്തമേഖലയിലും തുടങ്ങുകയാണ്. ഇവിടെയുള്ള ശൂന്യതയിലേയ്ക്ക് കണ്ണും നട്ടിരിക്കുന്ന ഒരു കൂട്ടരുണ്ട്. കൃഷക്കാർ, എവിടെ തുടങ്ങണമെന്ന് അവർക്കറിയില്ല. കിഴക്കൻ മേഖലയിൽ കൃഷിയിടം ഒലിച്ചുപോയ കർഷകരുണ്ട്. മണലും പാറയും നിറഞ്ഞ പറമ്പ് കൃഷിയോഗ്യമാക്കണം. കുട്ടനാടൻ മേഖലയിലേയും സ്ഥിതി വിഭിന്നമല്ല. ഈ സാഹചര്യത്തിൽ കൃഷിയും കൃഷിക്കാരനും കേരളത്തിൽ നിലനിൽക്കണമെങ്കിൽ മറ്റെല്ലാ മേഖലകളേക്കാൾ അധികം പരിഗണനയും സഹായവും കർഷകർക്ക് ലഭിക്കേണ്ടതുണ്ട്. ദുരിതങ്ങളിൽനിന്നും അതിവേഗം കരകയറാനുള്ള അധ്വാനത്തിലാണ് കർഷകർ. ചുരുങ്ങിയ കാലയളവിനുള്ളിൽ ചുരുങ്ങിയ മുതൽമുടക്കിൽ സുസ്ഥിരവരുമാനം വന്നുചേരുന്ന വഴികൾ തേടുകയും കണ്ടെത്തുകയും ചെയ്യുന്ന കർഷകർ കൃഷിമേഖലയ്ക്കാകെ മാതൃകയാണ്.

കൃഷിയെയും കൃഷിക്കാരനെയും സംരക്ഷിക്കാനുള്ള പദ്ധതികൾക്ക് സർക്കാർ താത്പര്യം കാണിക്കണം. ഇപ്രകാരം മാതൃകയാകുന്ന കർഷകർക്ക് മുൻഗണന നൽകണം. അതിവേഗം വരുമാനത്തിലെത്തി സ്വന്തം കാലിൽനിൽക്കാൻ കൃഷിക്കാരെ സഹായിക്കുന്ന പദ്ധതികൾ പ്രളയബാധിതമേഖലകളിൽ നടപ്പാക്കാൻ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ് വകുപ്പുകൾക്ക് സാധിക്കണം. പച്ചക്കറികൾ, പശുക്കൾ, കോഴി, കാടവളർത്തൽ, മുയൽ വളർത്തൽ, മത്സ്യകൃഷി എന്നിവ പെട്ടന്ന്

വരുമാനം ലഭിക്കുന്ന ചില മേഖലകളാണ്. അവയ്ക്ക് മുതൽമുടക്കാനാവശ്യമായ സാമ്പത്തികസഹായം പലിശരഹിത വായ്പ പോലുള്ള ആനുകൂല്യങ്ങൾ അടിയന്തിരമായി നൽകേണ്ടിയിരിക്കുന്നു.

പ്രകൃതിയെ ആശ്രയിച്ചുകൊണ്ടുള്ള സുസ്ഥിര കൃഷിരീതികളാണ് നടപ്പാക്കേണ്ടത്. അതിന് ആവശ്യമായ നയമാറ്റത്തിന് സർക്കാർ മുൻകൈയെടുക്കണം. ശരിയായ മണ്ണ് ജലസംരക്ഷണം, ജലവിനയോഗം, ഭൂപ്രകൃതിയ്ക്ക് യോജിച്ച കൃഷിരീതികൾ, ജൈവവളം, ജൈവകീടനാശിനികളുടെ ഉപയോഗം ഇതിനെല്ലാം കർഷകർ മനസ്സുവയ്ക്കണം. സ്വന്തം നിലനിൽപ്പ് അപകടത്തിലാക്കി സുസ്ഥിര കൃഷി നടപ്പാക്കാൻ കർഷകർക്ക് കഴിയില്ല. മതിയായ സാമ്പത്തിക സാങ്കേതിക പിന്തുണ കർഷകർക്ക് ഉറപ്പാക്കണം. ന്യായവിലയും വിപണിയും ഉറപ്പാക്കണം. കാലാവസ്ഥാമാറ്റത്തിന്റെ യുഗത്തിൽ കേരളത്തിലെ കൃഷിക്കും കൃഷിക്കാർക്കും ആത്മവിശ്വാസം നിൽകാൻ ഇൻഷുറൻസ് അനിവാര്യമാണ്. നമ്മുടെ കൃഷിയിടങ്ങളിൽ ഇൻഷുറൻസ് പരിരക്ഷതേടുന്നവരുടെ എണ്ണം കുറവാണ്. മുഴുവൻ കൃഷിക്കാരുടെയും പങ്കാളിത്തം ഉറപ്പാക്കുന്ന വിധത്തിൽ വിള ഇൻഷുറൻസ് പദ്ധതികൾ അടിയന്തരമായി പരിഷ്ക്കരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യണം.

പ്രളയത്തെയും വരൾച്ചയെയും 'ഓരുജല'ത്തെയുമൊക്കെ അതിജീവിക്കുന്ന വിള ഇനങ്ങൾക്കായി ലോകമെമ്പാടും കാർഷിക ഗവേഷകർ ശ്രമിക്കുന്നുണ്ട്. ഉല്പ്പാദനക്ഷമതയും രോഗ പ്രതിരോധനത്തിനുമൊപ്പം കാലാവസ്ഥാമാറ്റം കൂടി പരിഗണിച്ച് കാർഷിക ഗവേഷണം നമ്മുടെ നാട്ടിലും ഊർജ്ജിതമാക്കേണ്ടത് കാലത്തിന്റെ ആവശ്യകതയാണ്. കൂടുതൽ സ്ഥിരതയുള്ള കൃഷിക്ക് പ്രാധാന്യം നല്കണം. കാർഷിക കടം പൂർണ്ണമായും ഇളവു ചെയ്യണം. പുഞ്ചകൃഷിക്കാവശ്യമായ നല്ല നെൽ വിത്ത് സൗജന്യമായും വളം മിതമായ നിരക്കിലും കർഷകന് ലഭ്യമാക്കണം. കൂടാതെ കൃഷിയിറക്കാൻ പമ്പിംഗും, അതിനാവശ്യമായ വൈദ്യുതിയും സൗജന്യമായി നൽകണം.

**കുടിവെള്ള ക്ഷാമം അതിരൂക്ഷം**

ലിറ്ററിന് 60 പൈസമുതൽ 1 രൂപ വരെ നിരക്കിലാണ് കോട്ടയം ജില്ലയിൽനിന്നും വാഹനത്തിൽ കൊണ്ടുവരുന്ന കിണർ വെള്ളം വാങ്ങുന്നത്. കുട്ടനാട്ടിലെ എല്ലാ പഞ്ചായത്തുകളിലും വെള്ളക്ഷാമം അതിരൂക്ഷമാണ്. വാട്ടർ അതോറിറ്റിയുടെ പൊതുടാപ്പ് പലതും പ്രവർത്തിക്കുന്നില്ല. വെള്ളപ്പൊക്കത്തിനുശേഷം ജലനിരപ്പ് ക്രമാ

തീതമായി താണു. ഇടത്തോടുകളെല്ലാം വറ്റിവരണ്ടു. ഇതോടെ പ്രാഥമിക ആവശ്യങ്ങൾക്കുള്ള വെള്ളംപോലും പലയിടങ്ങളിലും കിട്ടാതെയായി. മഴവെള്ളശേഖരണികൾ പലതും വെള്ളപ്പൊക്കത്തിലൂടെ നഷ്ടപ്പെട്ടു. പുതിയ മഴവെള്ള ശേഖരണികൾ വാങ്ങാനുള്ള പണം പലരുടെയും കൈവശം ഇല്ലാതെയായി. റവന്യൂവകുപ്പ് വാഹനങ്ങളിൽ വിതരണംചെയ്യുന്ന ജലം റോഡരികിലുള്ള വീട്ടുകാർക്ക് ലഭ്യമാകും. ഉൾപ്രദേശങ്ങളിലുള്ളവരാണ് വെള്ളത്തിനായി വിഷമിക്കുന്നത്. വള്ളങ്ങളിൽ വെള്ളം വിതരണം ചെയ്യുന്നുണ്ടെങ്കിലും തോടുകൾ വറ്റിആഴം കുറഞ്ഞതും പോളശല്യംവും ഉൾപ്രദേശങ്ങളിലേയ്ക്കുള്ള കുടിവെള്ള വിതരണം അസാധ്യമാക്കുന്നു. തകർന്ന പൈപ്പുലൈനുകൾ തകരാറുനീക്കി കൂടുതൽ ടാപ്പുകൾ സ്ഥാപിച്ച് കുടിവെള്ളവിതരണം കൂടുതൽ കാര്യക്ഷമമാക്കാൻ സത്വരനടപടി സ്വീകരിക്കുക.

**സർക്കാർ ആനുകൂല്യങ്ങൾ**

ജലപ്രളയത്തിനുശേഷം താല്ക്കാലികാശ്വാസമെന്നനിലയിൽ ജനങ്ങൾക്ക് സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങൾ വേണ്ടവിധത്തിൽ ലഭിക്കേണ്ടിടത്ത് ലഭിച്ചിട്ടില്ലയെന്നുള്ള പരാതി നിലനിൽക്കുന്നു. Rs. 10000/- വീതം നല്കുന്നത് ഇനിയും ലഭിക്കാത്ത വീടുകളുണ്ട്. നാശംസംഭവിച്ച വീടുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സർക്കാർ സംവിധാനങ്ങൾ വേണ്ടവിധത്തിൽ പ്രവർത്തിക്കണം. ദുരിതമനുഭവിക്കുന്ന വ്യക്തികൾ സർക്കാർ ഓഫീസിലെത്തുമ്പോൾ അവരോട് സഹാനുഭൂതികാണിക്കണം.

വെള്ളപ്പൊക്കത്തിന്റെ പരിണിതഫലമായി സസ്യങ്ങൾ കരിഞ്ഞുപോയതിന്റെ കാരണം ശാസ്ത്രീയമായി കണ്ടെത്തണം. മാലിന്യസംസ്ക്കരണം അതിവേഗത്തിലാക്കണം. തോടുകളും പുഴകളും സംരക്ഷിക്കാനുള്ള നടപടികൾ കാര്യക്ഷമമാക്കണം. തണ്ണീർമുക്കം ബണ്ടിന്റെ ഭാഗത്തുള്ള മണൽ പൂർണ്ണമായും സർക്കാർ മേൽനോട്ടത്തിൽ ലേലം ചെയ്ത് ബഹുമാനപ്പെട്ട മുഖമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് മുതൽ കൂട്ടണം. അല്ലെങ്കിൽ ഭവനരഹിതരായ കുട്ടനാട്ടുകാർക്ക് വീട് നിർമ്മാണത്തിനാവശ്യമായ മണൽ സൗജന്യമായി നല്കുക. ദുരിതാശ്വാസനിധിയിലേയ്ക്ക് വരുന്ന തുക ഫലപ്രദമായി ഉപയോഗിക്കുവാൻ വേണ്ടസംവിധാനം സർക്കാർതലത്തിൽ ചെയ്യണം. പണം ദുരുപയോഗം ചെയ്യാൻ പാടില്ല. കൈകാര്യം ചെയ്യുന്നതിൽ സുതാര്യതവേണം. അർഹതപ്പെട്ടവർക്ക് ലഭ്യമാക്കണം.



# കുട്ടനാടിന്റെ
## പുനർനിർമ്മാണം

സമുദ്രനിരപ്പിൽ നിന്നും ഏതാണ്ട് 6 അടിയിലേറെ താഴെ വെള്ള ത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന കുട്ടനാട് എന്ന ഭൂപ്രദേശം ലോകത്തിന്റെ മുൻപിൽ ഒരു അത്ഭുതമായി ഇന്നും നിലകൊള്ളുകയാണ്.

ഈ അടുത്ത കാലത്തുണ്ടായ അതിഭീകരമായ വെള്ളപ്പൊക്കദുര ന്തത്തിനുശേഷം കുട്ടനാട് ഇന്ന് ഒരു പുനർനിർമ്മാണ ഘട്ടത്തിന്റെ പാതയിൽ കൂടി കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. വിവിധ സാമൂഹിക -സാംസ്കാരിക സംഘടനകൾ നിരവധി ദുരിതാശ്വാസ സഹായങ്ങൾ ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത് താത്ക്കാലികമായ ഭൗതിക സൗകര്യം മാത്രമാണ് പ്രദാനം ചെയ്യുന്നത്. ഇനി കുട്ടനാ ടിന് ദുരിതാശ്വാസമല്ല നഷ്ടപരിഹാരമാണ് നൽകേണ്ടത് എന്ന് ന ാം മറന്നുപോകുന്നു. വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർ, ഭാഗികമായി നാശം സംഭവിച്ചവർ, പക്ഷി-മൃഗാദികളെ നഷ്ടപ്പെട്ടവർ, വെള്ള പ്പൊക്ക ദുരന്തത്തിൽ മരണപ്പെട്ടവർ, കൃഷി നാശം സംഭവിച്ചവർ തുടങ്ങിയവർക്ക് കൃത്യമായ വിവരണശേഖരത്തിലൂടെ നഷ്ടപരി ഹാരം ലഭ്യമാക്കുകയാണാവശ്യം.

ഈ അവസരത്തിൽ വിവിധ കോണുകളിൽ നിന്നും താത്കാലികവും സ്ഥിരവുമായ നിരവധി പുനർനിർമ്മാണ ആശയങ്ങൾ വന്നുകൊ ണ്ടിരിക്കുന്നു. കുട്ടനാട്ടിൽ വെള്ളപ്പൊക്കത്തെ അതിജീവിക്കുവാൻ പോന്ന ഒരു വികസന മാതൃക രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. കിഴ ക്കൻ മലനിരകളിൽ പെയ്യുന്ന മഴയും പമ്പാനദി, മണിമലയാർ, വര

ട്ടാർ, അച്ചൻകോവിലാർ തുടങ്ങിയ നദികളിൽ കൂടി ഒഴുകി വരുന്ന ജലവും കുട്ടനാട്ടിൽ പെയ്യുന്ന മഴവെള്ളവും കൂടി കുട്ടനാടിനെ വെള്ളപ്പൊക്കത്തിൽ മുക്കുന്നു. കടലിൽ വേലിയേറ്റ സമയങ്ങളിൽ നീരൊഴുക്ക് കുറയുന്നതും വെള്ളപ്പൊക്കത്തിനുകാരണമാകുന്നു. ഈ വെല്ലുവിളി നേരിടുവാൻ സാങ്കേതികവും അവസ്ഥാപരവും ഭൂപ്രകൃതിയെ കണക്കിലെടുത്തും പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്.

ഒന്നാമതായി മുന്നോട്ടു വയ്ക്കുവാനുള്ള നിർദ്ദേശം മുമ്പു സൂചിപ്പിച്ച നദികൾ ഉൾപ്പെടെയുള്ള എല്ലാ തോടുകളുടെയും സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുക എന്നതാണ്. ഇതിനായി ആഴവും വീതിയും കൂട്ടി തോടുകളുടെയും നദികളുടെയും പൂർവ്വസ്ഥിതി നിലനിർത്തുവാൻ വേണ്ട നടപടികൾ ആവിഷ്കരിക്കുക. ജലത്തിന്റെ നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന പോളയും ജൈവ അജൈവമാലിന്യവും നീക്കം ചെയ്യുക, പുതുനികത്തുകൾ, പുതുവലുകൾ എക്കൽ അടിഞ്ഞ് കിടക്കുന്ന ഭാഗങ്ങൾ, എൻക്രോച്ച്മെന്റ് തുടങ്ങിയവ കണ്ടുപിടിച്ച് സത്വരനടപടിയിലൂടെ നദികളെയും തോടുകളെയും വീണ്ടെടുക്കുക.

വയൽവരമ്പുകൾ ഇപ്പോഴത്തെ അവസ്ഥയിൽ നിന്ന് 1 മീറ്ററോളം ഉയർത്തിയും 3 മീറ്റർ വീതിയിലും ഇരുവശവും കല്ലുകെട്ടി സംരക്ഷിക്കുക. മോട്ടോർ തറകൾ ആധുനിക സൗകര്യങ്ങളോടുകൂടി കോൺക്രീറ്റു ചെയ്ത് സ്ഥിരം സംവിധാനമാക്കുക.

ഒരു നെല്ല് ഒരു മീൻ പദ്ധതി കൃഷിക്കാരെ വിശ്വാസത്തിലെടുത്ത് നടപ്പിലാക്കുക. അതുപോലെതന്നെ ഇരുപ്പൂവും മുപ്പൂവും കൃഷിയെ പ്രോത്സാഹിപ്പിക്കുകയും വിദഗ്ദ്ധോപദേശവും സാങ്കേതികവിദ്യയും സമന്വയിപ്പിച്ച് കൃഷി ചെയ്യുവാൻ കർഷകർക്ക് പരിശീലനം നൽകുക. സാങ്കേതിക വിദ്യയുപയോഗിച്ച് പുതിയ ഇനം നെൽവിത്തുകൾ കീടങ്ങളെയും കുമിളുകളെയും ചെറുത്തു നിൽക്കുവാൻ ശേഷിയുള്ളവ വികസിപ്പിച്ചെടുത്ത് കൃഷിക്കാർക്ക് നൽകുക.

വീതി കുറഞ്ഞതും വെള്ളപ്പൊക്ക ഭീഷണി ഉള്ളതുമായ പാടശേഖരങ്ങളുടെ പുറം ബണ്ടുകളിൽ താമസിക്കുന്ന കുടുംബങ്ങളെ ഒഴിപ്പിച്ച് കരപ്രദേശങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുക. ഇതിനായി ഉറപ്പുള്ളതും മെയിൻ റോഡുകളോടു ചേർന്നതുമായ പ്രദേശത്ത് തിരുവനന്തപുരത്ത് ചെങ്കൽ ചൂളയിൽ നിർമ്മിച്ചതുപോലെയുള്ള ഫ്ളാറ്റ് സമുച്ചയങ്ങൾ ആധുനിക സൗകര്യങ്ങളോടുകൂടി വെള്ളപ്പൊക്കത്തെ അതിജീവിക്കത്തക്കവിധത്തിൽ നിർമ്മിക്കുക. ആധുനികവാർത്താവിനിമയ സംവിധാനം, ശുദ്ധജല ലഭ്യത – സാനിറ്റേഷൻ ആശുപത്രി സൗകര്യം, റേഷൻകട തുടങ്ങിയ സംവിധാനം ഏർപ്പെടുത്തുകയും

ചെയ്യാം.

എല്ലാ പഞ്ചായത്തുകളിലും അത്യാധുനിക സംവിധാനമുള്ള കമ്മ്യൂണിറ്റി സെന്ററുകൾ നിർമ്മിക്കുക. പ്രകൃതിദുരന്തഭീഷണി നേരിടുന്ന അവസരത്തിൽ 2000 -3000 പേർക്ക് താമസിക്കുവാനും ആഹാരം പാകം ചെയ്യുവാനുമുള്ള എല്ലാ സംവിധാനവും ഉണ്ടായിരിക്കണം. പ്രകൃതി ദുരന്ത ഭീഷണി ഇല്ലാത്ത സമയങ്ങളിൽ ഇത് മറ്റു ആവശ്യങ്ങൾക്കും വിനിയോഗിക്കാവുന്നതാണ്.

കുട്ടനാട്ടിൽ പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് ആധുനിക സൗകര്യവും സെപ്റ്റിക് ടാങ്കും, ശുദ്ധജല ലഭ്യതയും മാലിന്യ നിർമ്മാർജ്ജനസംവിധാനവും ഉറപ്പുവരുത്തുക.

ഇതിനു മുന്നോടിയായി വെള്ളപ്പൊക്കത്തെ അതിജീവിക്കാൻ പോന്നതും ആധുനിക സൗകര്യങ്ങൾ ഉള്ളതുമായ ഏതാനും വീടുകൾ (ചിലവ് കുറഞ്ഞത്) കുട്ടനാട് മോഡലായി നിർമ്മിച്ച് പ്രദർശിപ്പിക്കുക.

ചങ്ങനാശ്ശേരി ആലപ്പുഴ റോഡ് ഉയർത്തിയും വീതികൂട്ടിയും ഇരുപുറവും കല്ലുകെട്ടിയും കമ്പിവലയിട്ടും സംരക്ഷിക്കുക. എ.സി. റോഡിനു മുകളിൽക്കൂടി സമാന്തരമായി മേൽപാലം നിർമ്മിക്കുക ഇതിന് ദീർഘവീക്ഷണത്തോടെ പഠനവും സർവ്വേയും സാദ്ധ്യതകളും ആരായുന്നതോടൊപ്പം അന്താരാഷ്ട്ര നിലവാരവും ഉറപ്പുവരുത്തുക.

എ.സി. റോഡിന് സമാന്തരമായി ഒഴുകുന്ന തോട് പള്ളാത്തുരുത്തിയാറ്റിൽ തുറക്കുവാൻ നടപടി സ്വീകരിക്കുക. തോടിനിരുവശവും കല്ലുകെട്ടി സംരക്ഷിക്കുക. ക്രൂയിസ് ബോട്ടുകൾ ഇട്ട് വിനോദസഞ്ചാരികളെ ആകർഷിക്കരിച്ച് (തായ്‌ലൻഡ് മോഡൽ) ടൂറിസം മേഖല വികസിപ്പിക്കാം.

കുട്ടനാട്ടിലുള്ള ഉയരംകുറഞ്ഞ പാലങ്ങൾ വീതിയും ഉയരവും കൂട്ടി 100 വർഷം മുന്നിൽകണ്ട് പുനർനിർമ്മിക്കുക.

എ.സി. റോഡിനോട് ചേർന്ന് സാധിക്കുന്ന സ്ഥലങ്ങളിൽ ഗൾഫ് മോഡൽ ടൗൺഷിപ്പുകൾ സ്ഥാപിക്കുന്നതിനെപ്പറ്റി പരിശോധന നടത്തുക. ഇതുമൂലം വ്യവസായ മേഖലയ്ക്ക് ഉണർവ്വും പുഷ്ടിയും കൈവരിക്കുവാൻ സാധിക്കും.

ഇൻലാന്റ് ടൂറിസം വികസിപ്പിക്കുക. അതോടൊപ്പം വിദേശികളെ ആകർഷിക്കുവാനുള്ള നൊസ്റ്റാൾജിക്, സാഹസിക, ഉത്തരവാദിത്വ ടൂറിസം മുതലായവയ്ക്ക് ഊന്നൽ കൊടുക്കുക.

കുട്ടനാടിന്റെ തനതായ വിഭവങ്ങൾ രുചികൂട്ടുകൾ, കാർഷിക, ഫല വസ്തുക്കൾ തുടങ്ങിയവ നാടൻ തനിമയോടെ മാർക്കറ്റ് ചെയ്യുക.

കുട്ടനാട്ടിലെ ജലസ്രോതസ്സുകളിൽ നിന്നുതന്നെ ജലം ശുദ്ധീകരിച്ച് കുട്ടനാടിന് നൽകുവാനുള്ള ശുദ്ധജലപദ്ധതികൾ നടപ്പിലാക്കുക. ഓരോ പഞ്ചായത്തിലും അല്ലെങ്കിൽ ബ്ലോക്ക് തലത്തിലെങ്കിലും ശുദ്ധജലപദ്ധതികൾ ആരംഭിക്കുക. മഴവെള്ള സംഭരണികൾ, മഴ വെള്ളകൊയ്ത്ത് തുടങ്ങിയ ശുദ്ധജല ലഭ്യതകൾ പ്രോത്സാഹിപ്പി ക്കുക.

ആധുനിക സൗകര്യങ്ങളോടുകൂടി സ്കൂളുകളും കോളേജുകളും പുനർക്രമീകരണം നടത്തുക. തനതായ പുതിയ വ്യവസായങ്ങൾ ആരംഭിച്ച് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുക.

അമിതമായ രാസവള ഉപയോഗവും. കീടനാശിനി പ്രയോഗവും നിരുത്സാഹപ്പെടുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ കർഷ കർക്ക് മാർഗ്ഗനിർദ്ദേശവും സഹായവും നൽകുക. സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുക.

ഒരു കുട്ടനാട് ഡവലപ്മെന്റ് അതോറിറ്റിക്ക് (KDA) രൂപം നൽകുക. ഇതിൽ ശാസ്ത്രജ്ഞരെയും, ഗവേഷകരെയും, കൃഷിക്കാരേയും, യുവജനങ്ങളെയും ഉൾപ്പെടുത്തുക.

നമ്മുടെ കാലാവസ്ഥാപ്രവചനം കാര്യക്ഷമവും കുറ്റമറ്റതുമാക്കുക.

കുട്ടനാടിനു മാത്രമായി ഏതു വലിയ പ്രകൃതി ദുരന്തത്തേയും അതിജീവിക്കുവാൻ പോന്നതരത്തിലുള്ള ഒരു വലിയ ഡിസാസ്റ്റർ മാനേജ്മെന്റ് ഗ്രൂപ്പ് രൂപീകരിക്കുക. കായലിലും നദികളിലും യാത്ര ചെയ്യുന്നവർക്ക് Life ജാക്കറ്റുകൾ നിർബന്ധമാക്കുക.

ദീർഘവീക്ഷണത്തോടെ പുതുമയുള്ള പദ്ധതികളും പരി പാടികളും ആവിഷ്കരിച്ച് കുട്ടനാടൻ ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക. അത്യാധുനിക സാങ്കേതിക വിദ്യയുപയോഗിച്ച് ഒരു രൂപാന്തരീകരണ പ്രക്രിയയിലൂടെ വരുംതലമുറയ്ക്ക് വിശ്വാസവും പ്രതീക്ഷയും നൽകുന്നതാകട്ടെ കുട്ടനാടിന്റെ പുനർനിർമ്മിതി.


**സി.ജെ. ജോസഫ്**

പ്രസിഡന്റ്

*താലൂക്ക് റസിഡന്റ്സ് അസോസിയേഷൻ അപ്പെക്സ് കൗൺസിൽ, ചങ്ങനാശ്ശേരി, 9447145081.*

## മൈക്രോഫിനാൻസ്

***സ്വാശ്രയ സംഘരൂപീകരണം***

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 04.07.2018 | മന്ന | കരിമ്പനക്കുളം | 19 |
| 04.07.2018 | സെന്റ് തെരേസ | കൂരോപ്പട | 14 |
| 18.07.2018 | ആശ്രയ | കുറുമ്പനാടം | 17 |
| 18.07.2018 | സെന്റ് ജോസഫ് | വെരൂർ | 20 |
| 18.07.2018 | കാരുണ്യ | തെള്ളകം | 10 |
| 18.07.2018 | സെന്റ് ആന്റണീസ് | മണിമല | 13 |
| 10.08.2018 | കായലോരം | കായൽപുറം | 10 |
| 04.09.2018 | തെരേസ | പുന്നമട | 13 |
| 04.09.2018 | ക്രിസ്തുരാജ് | തത്തംപള്ളി | 24 |
| 18.09.2018 | ആൽഫ | പനയമ്പാല | 14 |
| 21.09.2018 | തിരുക്കുടുംബം | പായിപ്പാട് | 16 |
| 25.09.2018 | ത്രീ സ്റ്റാർ | കായൽപുറം | 10 |

### MEN SHG സംഗമം

**കുളത്തൂർ** യൂണിറ്റിൽ ജൂൺ 24 ന് പുരുഷസ്വാശ്രയസംഘ സംഗമം സംഘടിപ്പിച്ചു. മണിമല മേഖലയിലെ 6 സംഘങ്ങളിൽനിന്നായി 64 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റോ മുട്ടത്തിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ക്ലാസ് നയിച്ചു.

**കുളത്തൂർ** യൂണിറ്റിൽ സെപ്റ്റംബർ 27 ന് സ്വാശ്രയസംഘസംഗമം നടത്തി. സ്ത്രീകളും നിയമവും നിയമപരിരക്ഷയും എന്ന വിഷയത്തെക്കുറിച്ച് ശ്രീ. സിബി ജെയിംസ് മൈലേട്ട് ക്ലാസ് നയിച്ചു. 58 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികളായ ശ്രീ. ബാബു ജോസഫ്, ശ്രീ. തോമസുകുട്ടി മൈലേട്ട് എന്നിവർ നേതൃത്വം നൽകി.

**പള്ളാത്തുരുത്തി** ജൂലൈ 1-ാം തീയതി ഞായറാഴ്ച 2 മണിക്ക് ചാസ് പള്ളാത്തുരുത്തി യൂണിറ്റിൽവച്ച് കുട്ടനാട് മേഖലയിലെ പുരുഷ സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. സംഘങ്ങളുടെ പ്രവർത്തനമേഖലകൾ സാധ്യതകൾ ഇവയെക്കുറിച്ച് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ വിശദമായി സംസാരിച്ചു. പള്ളാത്തുരുത്തി യൂണിറ്റ് സെക്രട്ടറി പി.സി. തോമസ്, കൈനകരി യൂണിറ്റ് സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ കൈതാരം എന്നിവർ പ്രസംഗിച്ചു.

**അമ്പൂരി** മേഖലയിലെ പുരുഷസ്വാശ്രസംഘാംഗങ്ങളുടെ സംഗമം സെപ്റ്റംബർ 9 ന് വാവോട് യൂണിറ്റിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ മഠത്തിപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. സംഘങ്ങളുടെ 2017-18 വർഷത്തെ വരവ് ചെലവ് കണ

ക്കുകളും റിപ്പോർട്ടും അവതരിപ്പിച്ചു. 35 അംഗങ്ങൾ പങ്കെടുത്തു.

**സ്വാശ്രയസംഘസംഗമം**

**മുടിയൂർക്കര** യൂണിറ്റിലെ സ്വാശ്രയസംഘങ്ങളുടെ സംഗമം 21.07.2018 ൽ നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് കലയംകണ്ടമറ്റത്തിൽ ഉദ്ഘാടനം നിർവഹിച്ചു. മാധ്യമങ്ങളുടെ സ്വാധീനം സ്ത്രീകളിലും കുട്ടികളിലും എന്ന വിഷയത്തിൽ ഡോ. ലിജി മോൾ (മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി) ക്ലാസ് നയിച്ചു. 67 അംഗങ്ങൾ പങ്കെടുത്തു. മേഖലാ പ്രസിഡന്റ് ശ്രീ. ബെന്നി പടിഞ്ഞാറേപ്പറമ്പിൽ, യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോസ് പാറയ്ക്കൽ, മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. പി.വി. വർക്കി പുതിയാപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

**New SHG പരിശീലനം**

**കോട്ടയം** മേഖലയിലെ പുതിയ സ്വാശ്രയസംഘാംഗങ്ങൾക്കു വേണ്ടി ജൂൺ 28 ന് പരിശീലന പരിപാടി സംഘടിപ്പിച്ചു. പാമ്പാടി, കൂരോപ്പട യൂണിറ്റുകളിൽ നിന്നുള്ള 49 അംഗങ്ങൾ പങ്കെടുത്തു.

**ആലപ്പുഴ** മേഖലയിലെ പുതിയ സ്വാശ്രയസംഘങ്ങൾക്കു വേണ്ടി ജൂൺ 29 ന് ആറാട്ടുവഴി യൂണിറ്റിൽവച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചു. 48 അംഗങ്ങൾ പങ്കെടുത്തു.

**മൈക്രോ ക്രെഡിറ്റ് വായ്പാമേള**



കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 45 സ്വാശ്രയ സംഘങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി ഓരോ ലക്ഷം രൂപവീതം 45 ലക്ഷം രൂപ ലഭ്യമാക്കി. 2018 ജൂലൈ 20 വെള്ളിയാഴ്ച 2.30 ന് ചാസ് ആഡിറ്റോറിയത്തിൽ KSBCDC ഡിസ്ട്രിക്ക് ജില്ലാ മാനേജർ ശ്രീ. ജിതിൻ പി.പി. ഉദ്ഘാടനം നിർവഹിച്ചു. ചാസ് പ്രസിഡന്റ് റവ. ഡോ. ജോസഫ് മുണ്ടകത്തിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, KSBCDC മാനേജർ ശ്രീ. രാജേഷ് എം. ജി. എന്നിവർ പ്രസംഗിച്ചു. സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം ലോൺ തുകയുടെ വിനിയോഗത്തെക്കുറിച്ചും തിരിച്ച് അടവ് നിബന്ധനകളും വിശദീകരിച്ചു. 98 പേർ പങ്കെടുത്തു.

**യൂണിറ്റ് വാർഷികം**

**മങ്കൊമ്പ്** യൂണിറ്റിന്റെ പ്രഥമവാർഷികം ജൂലൈ 15 ഞായറാഴ്ച 2.30 ന് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മൈക്കിൾ കിങ്ങണംചിറ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.



# തണൽ

**ചാസിന്റെ വിവിധ സഹായ പദ്ധതികൾ വഴി 2018 ജൂലൈ 1 മുതൽ 2018 സെപ്റ്റംബർ 30 വരെ ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ**

**(1) SHG മരണാനന്തര സഹായം**

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 372. വിജയമ്മ കെ. കല്ലിൽ | അഭയ | കുറുമ്പനാടം | കുറുമ്പനാടം |
| 373. കമലം | ദൃശ്യാ | രാജഗിരി | അമ്പൂരി |
| 374. ജിജി മാത്യു കടന്തോട് | മരിയൻ | കത്തീഡ്രൽ | ചങ്ങനാശ്ശേരി |
| 375. ഷാജി ഫിലിപ്പ് | ഒരുമ | കുറിച്ചി | ചങ്ങനാശ്ശേരി |
| 376. ട്രീസാ ലിജു | ചെറുപുഷ്പം | കുറുമ്പനാടം | കുറുമ്പനാടം |
| 377. റ്റി. എ ചാക്കോ | സീയോൻ | പുത്തനങ്ങാടി | ആലപ്പുഴ |
| 378. ചാക്കോ വർഗ്ഗീസ് | പുലരി | കൊടുപ്പുന്ന | എടത്വാ |
| 379. കുഞ്ഞമ്മ കുട്ടപ്പൻ | ഓലിക്കൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 380. പി.സി. തോമസ് | സന്ധ്യാദീപം | കൈനകരി | കുട്ടനാട് |
| 381. കുര്യൻ വഞ്ചിക്കൽ | ഒരുമ | കിടങ്ങറ | ചങ്ങനാശ്ശേരി |
| 382. ലില്ലിക്കുട്ടി ജോസഫ് | ദൃശ്യ | പൂന്തോപ്പ് | ആലപ്പുഴ |
| 383. പെണ്ണമ്മ തോമസ് | വികാസ് | തെള്ളകം | അതിരമ്പുഴ |
| 384. സരസ്വതിയമ്മാൾ | എയ്ഞ്ചൽ | തത്തംപള്ളി | ആലപ്പുഴ |

**(2) മ്യൂച്ചൽ ബെനഫിറ്റ് സ്കീം**

• **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 168. മറിയാമ്മ ജോബ്, പടിഞ്ഞാറേവീട് | കൂത്രപ്പള്ളി | നെടുംകുന്നം |
| 169. രവി കക്കാരവിള | രാജഗിരി | അമ്പൂരി |
| 170. ശൗര്യാർ ആന്റണി, പോളയ്ക്കൽ | കൊടുപ്പുന്ന | എടത്വാ |
| 171. ഏലിയാമ്മ മാത്യു, മനയത്തുശ്ശേരിയിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |

| | | |
|---|---|---|
| 172. റോസമ്മ മത്തായി, മാങ്കുഴി | നാൽപ്പാത്തിമല | അതിരമ്പുഴ |
| 173. തങ്കമ്മ രാജു വടക്കേടം | തായങ്കരി | എടത്വാ |
| 174. കെ.പി. ജോസഫ്, കോട്ടയ്ക്കൽ | പഴവങ്ങാടി | ആലപ്പുഴ |
| 175. തേലമ്മ ഇക്നേഷ്യസ്, തയ്യിൽ | പഴവങ്ങാടി | ആലപ്പുഴ |
| 176. സിബി ജോർജ്ജ്, കിഴക്കേചൂരപ്പുഴ | വെട്ടിമുകൾ | അതിരമ്പുഴ |
| 177. തെയ്യാമ്മ ചാലുവേലിൽ | ഇരവുചിറ | കുറുമ്പനാടം |
| 178. ജോസഫ് ചാക്കോ ഇളപ്പുങ്കൽ | ഇരവുചിറ | കുറുമ്പനാടം |
| 179. ഷാജി ഫിലിപ്പ് മമ്പലം | കുറിച്ചി | ചങ്ങനാശ്ശേരി |
| 180. ലീലാമ്മ സാമുവേൽ, പയ്യംപള്ളി | ളായിക്കാട് | ചങ്ങനാശ്ശേരി |
| 181. റജീനാ എസ് പുത്തൻപുരയ്ക്കൽ | പാറേൽ | ചങ്ങനാശ്ശേരി |
| 182. ട്രീസാ ലിഗു, ആറുപറയിൽ | കുറുമ്പനാടം | കുറുമ്പനാടം |
| 183. കമലം തൈത്തോട്ടം | രാജഗിരി | അമ്പൂരി |
| 184. ഏലമ്മ പയറ്റുതറ | പുതുക്കരി | എടത്വാ |
| 185. ജോൺ അറയ്ക്കൽ | വള്ളംചിറ | മണിമല |
| 186. ചാക്കോ വർഗ്ഗീസ് പുത്തൻപറമ്പിൽ | കൊടുപ്പുന്ന | എടത്വ |
| 187. ഔസേഫ് തേവർമലയിൽ | ചേപ്പുംപാറ | കോട്ടയം |

• **ചികിത്സാസഹായം**

| **പേര്** | **യൂണിറ്റ്** | **മേഖല** |
|---|---|---|
| 82. രാജമ്മ ബാബു, വേടൻപറമ്പിൽ | കുറുമ്പനാടം | കുറുമ്പനാടം |
| 83. സിന്ധു സജി, വെള്ളപ്പങ്കിരി | പുഴവാത് | ചങ്ങനാശ്ശേരി |
| 84. ബോബി ജോസ്, കൊച്ചുതറയിൽ | കുറുമ്പനാടം | കുറുമ്പനാടം |
| 85. ജോൺസി ജോസഫ്, കുന്നുംപുറം | കുറുമ്പനാടം | കുറുമ്പനാടം |
| 86. ഷാജി മഠത്തിപ്പറമ്പിൽ | കോട്ടയ്ക്കപ്പുറം | അതിരമ്പുഴ |
| 87. ജോർജ്ജ് ഏഴോലിൽ | വള്ളംചിറ | മണിമല |
| 88. ഡെയ്സി ഏറത്തേടത്ത് | വള്ളംചിറ | മണിമല |
| 89. വൽസമ്മ സെബാസ്റ്റ്യൻ | പച്ച-ചെക്കിടിക്കാട് | എടത്വാ |

### (3) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2018 ജൂലൈ 1 മുതൽ സെപ്റ്റംബർ 30 വരെ 9 കുടുംബങ്ങൾക്ക് ചികിത്സാചെലവായി 59,830/- രൂപ അനുവദിച്ചു.

| **പേര്** | **യൂണിറ്റ്** | **തുക** |
|---|---|---|
| താജ് മോൻ എം. കെ. മാലിയിൽ | മാടപ്പള്ളി | 8100 |
| ഏലിയാമ്മ സിബിച്ചൻ, കണ്ടത്തിപ്പറമ്പിൽ | കൊടുപ്പുന്ന | 3150 |
| ബേബി ജോസഫ്, വട്ടപ്പറമ്പിൽ | വെഞ്ചമ്പ് | 6550 |
| താജ് മോൻ എം. കെ. മാലിയിൽ | മാടപ്പള്ളി | 9050 |
| ജോസഫ് ലോബോ, തുണ്ടിപറമ്പിൽ | തൃക്കൊടിത്താനം | 9450 |
| ബിന്ദു ജോസഫ്, ചിറയിൽ | മുണ്ടുപാലം | 4960 |

| | | |
|---|---|---|
| ജോസഫ് ചാക്കോ വടക്കുംമുറി | മാടപ്പള്ളി | 4738 |
| അനിൽ കുമാർ കെ.കെ. കോലാത്ത് | രാമങ്കരി | 7175 |
| മാത്യു സെബാസ്റ്റ്യൻ, മാവേലിക്കളം | വേഴപ്രാ | 6657 |

### (4) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2018 ജൂലൈ-സെപ്റ്റംബർ മാസങ്ങളിൽ 72 ഇടവകകളിൽനിന്നും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 125 അപേക്ഷകർക്ക് 1,81,000/-രൂപ നൽകി.

### (5) സേവ് എ ഫാമിലി പ്ലാൻ (SAFP)

- 2018 ജൂലൈ -സെപ്റ്റംബർ മാസങ്ങളിൽ 34 കുടുംബങ്ങൾക്ക് 4,85,280/- രൂപ സഹായധനം അനുവദിച്ചു.

### പുതിയകുടുംബങ്ങൾ

ജൂലൈ മാസം കുട്ടനാട് മേഖലയിൽ നിന്നും കുടുംബോദ്ധാരണ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾ

| യൂണിറ്റ് | കുടുംബങ്ങളുടെ എണ്ണം |
|---|---|
| മരിയാപുരം | 3 |
| മുട്ടാർ ഓൾഡ് | 2 |
| കരുവാറ്റ | 2 |
| കായൽപുറം | 1 |
| പുന്നക്കുന്നം | 2 |






## AABY ആം ആദ്മി ബീമാ യോജന

കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ചാസ്, LIC യുമായി സഹകരിച്ച് നടപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി. പ്രീമിയം തുക 125.

**ആനുകൂല്യങ്ങൾ:**

| | |
|---|---|
| സ്വാഭാവിക മരണം | 30,000/- രൂപ |
| അപകട മരണം | 75,000/- രൂപ |
| അപകടം മൂലം തളർന്ന് പോയാൽ | 75,000/- രൂപ |
| അപകടത്തിൽ കണ്ണോ കാലോ, കൈയ്യോ നഷ്ടപ്പെട്ടാൽ | 37,500/- രൂപ |

**കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9446857636**

# കേന്ദ്രവാർത്തകൾ

**കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്നവർക്ക് നഷ്ട പരിഹാരം ലഭ്യ മാക്കുന്ന പദ്ധതി**

